(ബി) പ്രസ്തുത ഫ്ളാറ്റ് അനധികൃതമായി വാടകയക്ക് നൽകിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാന് 23.2.1999-ൽ അലോട്ട്മെന്റ് റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം ബോധിപ്പിക്കുവാൻ നോട്ടീസ് അയയ്ക്കുകയും ടിയാന്റെ 10.3.1999-ലെ അപേക്ഷ അനുസരിച്ച് ഒരു വർഷത്തേക്ക് ഫ്ളാറ്റ് വാടകയ്ക്കു നൽകുന്നതിന് ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 18.4.1996-ൽ ഡെപ്പോസിറ്റായി 10,000/-രൂപയും വാടകയിനത്തിൽ 65,000/- രൂപയും അടച്ചിട്ടുണ്ട്. അതിൽ 10,000/-രൂപ തിരികെ നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) ഈ കാര്യങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണത്തിലാണ്.

107 (551) അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ നടപടികൾ

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) സ്ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ട എന്തെങ്കിലും സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുണ്ടോ;

(സി) എങ്കിൽ എന്ത് സംവിധാനമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരത്തിലെ ഓടകളിലെ ചീത്തയായ കവറിംഗ് സ്ലാബുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. 80% പ്രവൃത്തി പൂർത്തികരിച്ചു. ബാക്കി ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ഉണ്ട്. കൂടാതെ സ്ലാബുകളുടെ നിർമ്മാണത്തിലും അത് സ്ഥാപിക്കുന്നതിലും നിഷ്കർഷിക്കപ്പെട്ട ഡിസൈൻ അടക്കമുള്ള ഗുണമേന്മ നിർമ്മാണസമയത്ത് തന്നെ ഉറപ്പ് വരുത്തുന്നുമുണ്ട്.

108 (553) നിർമ്മിതി കേന്ദ്രത്തിലെ നിയമനങ്ങൾ

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസിയിലൂടെയാണെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly